# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 979      12/12/2012-ൽ മറുപടിക്ക്

## കുടുംബസഹായം നൽകുവാനുള്ള അപേക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ (എം.എൽ.എ) | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| ആത്മഹത്യ ചെയ്ത കിളിമാനൂർ, ചാരുപാറ, സത്യമംഗലത്ത് വീട്ടിൽ സുധാകരന്റെ കുടുംബത്തിന് സഹായം ലഭ്യമാക്കുവാൻ സ്ഥലം എം.എൽ.എ. നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ മൊട്ടക്കുഴി സ്വദേശിയും പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടതുമായ ശ്രീ. സുധാകരൻ എന്നയാൾ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ ടിയാന്റെ കുടുംബത്തിന് യാതൊരു സാമ്പത്തിക സഹായവും നൽകിയിട്ടില്ല. ശ്രീ. സുധാകരന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സിന്റെ എഫ്.ഐ.ആർ, ചാർജ്ജ് ഷീറ്റ് എന്നിവ അയച്ചുതരുന്നതിന് മണ്ണന്തല, കിളിമാനൂർ പോലീസ് സ്റ്റേഷനുകളിലേക്കും, തിരുവനന്തപുരം സിറ്റി പോലീസ് മേധാവിക്കും കത്തയച്ചിട്ടുള്ളതാകുന്നു. ടി രേഖകൾ ലഭ്യമായാൽ ഉടൻ തന്നെ ആയവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ